# നബീ മാഹാത്മ്യം

**പൊൻകുന്നം സെയ്ദുമുഹമ്മദ്**

പ്രഫുല്ല സംസ്കാര സുഗന്ധപൂരം;
പ്രഭാഷണത്തൂമകരന്ദസാരം;
പ്രകീർത്തനത്തിൻ പുതു പുണ്യഹാര
പ്രശാന്തഗംഭീര മതിപ്രചാരം;

പ്രവാചകന്മാർക്കെഴുമീ വിശിഷ്ട-
പ്രസക്തികൾക്കത്ഭുത സിദ്ധിചാർത്ത
പ്രബുദ്ധ ചിഹ്നങ്ങളൊടായമേയ-
പ്രമുഗ്ധ തേജസ്സവതാരമാർന്നു.

* മുഹമ്മദെന്നായ് ഭുവനത്തിലാദ്യം
പേർകൊണ്ടുയർന്നാ മഹനീയതാരം
അല്ലാഹുവിൻ നേർവഴികാട്ടുവാനാ-
യാശാന്തരംതോറുമുണർന്നുമിന്നി.

**അനുഗൃഹീതൻ*